മധുരമായ കുട്ടികളേ - ജ്ഞാനത്തിന്റെ ഒരു തുള്ളിയാണ്- സ്വയം ആത്മാവാണെന്ന മനസ്സിലാക്കി ബാബയെ ഓര്മ്മിക്കൂ, ഈയൊരു തുള്ളിയിലൂടെ മുക്തി-ജീവിതമുക്തി പ്രാപ്തമാക്കാന് കഴിയുന്നു.

ചോദ്യം :- ഏതൊരു പുരുഷാര്ത്ഥത്തിലാണ് സ്വയത്തിന്റെയും മറ്റുള്ളവരുടെയും ഉന്നതി അടങ്ങിയിട്ടുള്ളത്?

ഉത്തരം :- 1. ഓര്മ്മയിലിരിക്കാനുള്ള പുരുഷാര്ത്ഥം ചെയ്യൂ, ഇതില്ത്തന്നെയാണ് സ്വയത്തിന്റെയും മറ്റുള്ളവരുടെയും ഉന്നതി അടങ്ങിയിട്ടുള്ളത്. നിങ്ങള് കുട്ടികള് ഓര്മ്മയിലിരിക്കുന്ന അര്ത്ഥം മറ്റുള്ളവര്ക്കു ശാന്തിയുടെ ദാനം ചെയ്യുകയാണ്. 2. പരസ്പരം ദേഹാഭിമാനത്തിന്റെ ഭൗതിക കാര്യങ്ങളെ ഉപേക്ഷിച്ച് ആത്മീയ കാര്യങ്ങളെക്കുറിച്ച് ചര്ച്ച ചെയ്യൂ, എന്നാല് ഉന്നതിയുണ്ടാവും. നിങ്ങള്ക്ക് ബാബയെ പ്രത്യക്ഷപ്പെടുത്തണം. എത്രത്തോളം പ്രത്യക്ഷപ്പെടുത്തുന്നുവോ, എല്ലാവര്ക്കും ശന്തിയുടെയും സുഖത്തിന്റെയും മാര്ഗ്ഗം പറഞ്ഞുകൊടുക്കുന്നുവോ, അത്രയ്ക്കും സമ്മാനവും ലഭിക്കും.

ഗീതം :- നീ സ്നേഹസാഗരമാണ്............

ഓംശാന്തി. ഇത് ഭക്തിമാര്ഗ്ഗത്തില് പാടി വന്നു. മഹിമ പാടി വന്നു. മഹിമ പരമപിതാവായ പരമാത്മാവിന്റെയാണ്. എങ്ങനെയാണോ ഭക്തിമാര്ഗ്ഗത്തില് അനേക പ്രകാരത്തിലുള്ള മഹിമയുള്ളത്, ഉത്സവം ആഘോഷിക്കുന്നത്, ഇതും മഹിമ തന്നെയാണ്. ഏതൊരു മനുഷ്യന്റെയോ സാധുക്കളുടേയോ സന്യാസിമാരുടെയോ മഹിമയല്ല. അങ്ങ് ജ്ഞാന സാഗരനെന്നാണ് പാടുന്നത്. ഒരു തുള്ളിയെങ്കിലും ലഭിച്ചാല് ഞങ്ങള് ഇവിടെ നിന്നും പൊയ്ക്കോളാം. എവിടേക്കു പോകും? മുക്തി-ജീവന്മുക്തിധാമത്തിലേക്ക്. മഹിമ പാടിക്കൊണ്ടിരിക്കുന്നുണ്ട് പക്ഷേ അവരുടെ മഹിമയെക്കുറിച്ച് അറിയുന്നില്ല. നിങ്ങള്ക്ക് അറിയുന്നതും നമ്പര്വൈസായ പുരുഷാര്ത്ഥമനുസരിച്ചാണ്. രണ്ട് അച്ഛന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കിത്തന്നിട്ടുണ്ട് - ഒന്ന് ലൗകിക അച്ഛന്, അവരുടെ ഓര്മ്മ വരുന്നതിനെ ദേഹാഭിമാനമെന്ന് പറയുന്നു. ആത്മാവിന് തനിക്ക് ദേഹം നല്കുന്ന അച്ഛനെ ഓര്മ്മ വരുന്നു. ആത്മാവ് തന്റെ ആത്മീയ അച്ഛനെ മറക്കുന്നു. ഇതും തെറ്റാണ്. ആരും മറന്നിട്ടില്ല, പക്ഷേ ആത്മാവു തന്നെയാണ് പരമാത്മാവ് എന്നു പറയുന്നതും തെറ്റാണ്. നമ്മള് ജീവാത്മാക്കളാണെന്നുള്ളതും പറയുന്നു. എന്റെ ആത്മാവിനെ വിഷമിപ്പിക്കരുത്. വിഷമമുണ്ടാകുന്നത് ആത്മാവിനാണെല്ലോ. ആത്മാവിന് ഗര്ഭജയിലില് ശിക്ഷ ലഭിക്കുമ്പോള് ശരീരത്തിനാണ് ദുഖം അനുഭവപ്പെടുന്നത്. സ്ഥൂല രൂപത്തിലുള്ള സാക്ഷാത്കാരവും ചെയ്യിപ്പിക്കും. അപ്പോഴാണ് അവര്ക്ക് ദു:ഖത്തിന്റെ അനുഭവം ഉണ്ടാകുന്നത്. കുട്ടികള്ക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ആദ്യമാദ്യം ഞാന് ആത്മാവാണെന്നുള്ള അഭ്യാസം ചെയ്യൂ. ദേഹാഭിമാനികളായിത്തീരുന്നതിലൂടെ സംബന്ധങ്ങള് ഓര്മ്മ വരുന്നു - ഇത് അമ്മാവനാണ്, മുത്തശ്ശനാണെന്നൊക്കെ....... ശരീരമില്ലെങ്കില് സംബന്ധമില്ല. ആത്മാവിനു തന്നെയാണ് ജ്ഞാനമുള്ളത്. ആരെയും മഹാനായ പരമാത്മാവെന്ന് പറയുകയില്ല. ആരെങ്കിലും മരിക്കുകയാണെങ്കില് അവരുടെ ആത്മാവിനെത്തന്നെയാണ് വിളിക്കുന്നത്. അല്ലാതെ ഇങ്ങനെ പറയില്ല ഇവരുടെ പരമാത്മാവിനെ വിളിപ്പിക്കാമെന്ന്. ഏതൊരു അവസ്ഥയിലും മനുഷ്യനെ പരമാത്മാവെന്ന് പറയാന് സാധിക്കില്ല. പരമാത്മാവ് ജനന മരണത്തിലേക്കും വരുന്നില്ല. ആത്മാവ് പുനര്ജന്മം എടുത്തുകൊണ്ടിരിക്കും. ഇതും മനസ്സിലാക്കി തന്നിട്ടുണ്ട്, ആദ്യത്തെ ആത്മാക്കള് ദേവീദേവതകളുടേതാണെന്ന്. 84 ജന്മങ്ങളുടെ മഹിമയും ഭാരതത്തിലാണ്. ഇപ്പോള് കുട്ടികള്ക്ക് അറിയാം ജ്ഞാനസാഗരന് സമ്മുഖത്തുണ്ടെന്നുള്ളത്. പതിതപാവനനെയാണ് ജ്ഞാനസാഗരനെന്നും പറയുന്നത്. ബാബയെത്തന്നെയാണ് ജ്ഞാനേശ്വരനെന്നും പറയുന്നത്. ഈശ്വരനില് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമുണ്ട്. ഈശ്വരന് തന്നെയാണ് സൃഷ്ടിയെ രചിക്കുന്നത്, അതുകൊണ്ട് ഈശ്വരനില് രചനയുടെ ജ്ഞാനമുണ്ട്. സൃഷ്ടിയെ രചിച്ചതുകൊണ്ടു തന്നെയാണല്ലോ രചയിതാവെന്നു പറയുന്നത്. രചയിതാവിനെയാണ് അച്ഛന് എന്നു പറയുന്നത്. സഹോദരങ്ങളെ രചയിതാക്കള് എന്നു പറയുന്നില്ല. എപ്പോഴും അച്ഛനെയാണ് രചയിതാവെന്നു പറയുന്നത്. കുട്ടികള്ക്ക് അറിയാം നമ്മുടെ സന്മുഖത്തിലാണ് ബാബ ഇരിക്കുന്നതെന്ന്. വിദേശത്ത് ആരെങ്കിലും ഇരിക്കുന്നു എങ്കില് പറയും ബാബ നമ്മില് നിന്നും ദൂരെയാണെന്ന്. എന്നാലും ഓര്മ്മയിലിരിക്കുമല്ലോ. നിങ്ങള്ക്കും ഓര്മ്മയിലിരിക്കണം. പക്ഷേ ലൗകിക സംബന്ധികളെ

കാണുമ്പോള് പാരലൗകിക അച്ഛനെ മറക്കുന്നു. അതുകൊണ്ടാണ് നടക്കുമ്പോഴും കറങ്ങുമ്പോഴും പാരലൗകിക അച്ഛനെ ഓര്മ്മിക്കാന് അഭ്യസിക്കൂ എന്ന് ബാബ പറയുന്നത്. ഞാന് ആത്മാവാണ് ഈ ശരീരം കൊണ്ട് നടക്കുന്നത്. ആത്മാവിന്റെ ജ്ഞാനം നിങ്ങള്ക്കുണ്ട്. നിങ്ങള്ക്കറിയാം ആത്മാക്കളും പരമാത്മാവും ഒരുപാടു കാലമായി വേറിട്ടിരുന്നു എന്ന്. അല്ലാതെ ഇങ്ങനെ ഒരിക്കലും പറയില്ല പരമാത്മാക്കളും പരമാത്മാവും വളരെ കാലം വേര്പെട്ടിരുന്നെന്ന്. ആത്മാവും പരമാത്മാവും എന്നാണ് പറയുന്നത്.

ഇപ്പോള് ബാബ കുട്ടികളുടെ സന്മുഖത്താണ് ഇരിക്കുന്നത്. പറയുന്നു അങ്ങയുടെ ഒരു തുള്ളിപോലും ധാരാളമാണ്. പരമപിതാവായ പരമാത്മാവ് ആത്മാക്കളുടെ അച്ഛനാണ്. ഇതിനെയാണ് ജ്ഞാനം എന്ന് പറയുന്നത്. ഇങ്ങനെ മറ്റാര്ക്കും തന്നെ പറയാനുള്ള ധൈര്യം വരുകയില്ല. നിങ്ങള് എല്ലാ ആത്മാക്കളുടെയും അച്ഛനാണ് ഞാന്. മഹാഭാരതയുദ്ധം തൊട്ടു മുന്നിലാണ്. യാദവരും, കൗരവരും, പാണ്ഡവരുമുണ്ട്. ഇതെല്ലാം തന്നെ മനസ്സിലാക്കി കൊടുക്കുന്നതിന്റെ ആധാരമാണ്. ടീച്ചര് മനസ്സിലാക്കി കൊടുക്കാതെ ചിത്രം നോക്കി മനസ്സിലാക്കാന് ബുദ്ധിമുട്ടാണ്. സ്കൂളിലും ടീച്ചറാണല്ലോ മനസ്സിലാക്കി കൊടുക്കുന്നത് - ഇത് ഭാരതമാണ്, ഇത് ലണ്ടനാണ്. മനസ്സിലാക്കി കൊടുക്കാതെ ബുദ്ധിയിലേക്കു വരുകയില്ല. ഭൂപടത്തില് പേരുകള് വായിച്ചാലും പേരു മാത്രമേ വായിക്കാന് സാധിക്കൂ. പക്ഷേ എവിടെയാണ്, ആരാണ് രാജ്യം ഭരിക്കുന്നത് അതൊന്നും തന്നെ മനസ്സിലാവുകയില്ല. ഇവിടെയും അതുപോലെ ഓരോ കാര്യങ്ങളും മനസ്സിലാക്കേണ്ടതായുണ്ട്. ഇന്നത്തെക്കാലത്ത് ഷോ ഇല്ലാതെ ആരും തന്നെ മനസ്സിലാക്കുകയില്ല. മനസ്സിലാക്കി കൊടുക്കുന്ന ആളും വളരെ നല്ലതായിരിക്കണം. കുട്ടികള് തന്നെ മനസ്സിലാക്കി കൊടുക്കണം, ഇത് ജഗദംബയാണ്, എല്ലാവരുടെയും മനോകാമനകള് പൂര്ത്തീകരിക്കുന്ന ആളാണ്. വൃക്ഷത്തിന്റെ താഴെയായി കാണിക്കുന്നുണ്ട് - അവിടെ കാമധേനു ഇരിക്കുന്നുണ്ട്. അപ്പോള് അവരെ കാണുന്നതിനുവേണ്ടിയും വരും. ജഗദ്പിതാവുണ്ടെങ്കില് തീര്ച്ചയായും ജഗദ്മാതാവുമുണ്ടായിരിക്കും. പക്ഷേ ജഗദ്മാതാക്കള് എന്നു പറയാന് കാരണം, കലശം മാതാക്കള്ക്കാണ് നല്കിയിരിക്കുന്നത്. മുഖ്യമായും ജഗദംബയാണ് പിന്നീട് അവരുടെ സൈന്യവും.

നിങ്ങള് കുട്ടികള് ചിത്രപ്രദര്ശനം നടത്തുന്നു എങ്കില് അതില് മനസ്സിലാക്കി കൊടുക്കുന്നവര് വളരെ നല്ല കുട്ടികളായിരിക്കണം. ബാബ മനസ്സിലാക്കി തരുന്നുണ്ട് മുഖ്യമായും ബാബയുടെ പരിചയമാണ്. ആദ്യമാദ്യം രണ്ട് അച്ഛനെക്കുറിച്ച് മനസ്സിലാക്കി കൊടുക്കൂ. ഒന്ന് നിങ്ങളുടെ ലൗകിക അച്ഛന് പിന്നെ പാരലൗകിക പിതാവ്. ലൗകിക അച്ഛനില് നിന്നും ജന്മജന്മാന്തരത്തോളം പരിധിയ്ക്കുള്ളിലുള്ള സമ്പത്ത് ലഭിച്ചു പോന്നു, ഇപ്പോള് പരിധിയില്ലാത്ത സമ്പത്ത് നേടൂ. ഒരുപാടു സമയം കഴിഞ്ഞു പോയി ഇനി കുറച്ച് അവശേഷിക്കുന്നുണ്ട്...... വികര്മ്മങ്ങളുടെ ഭാരം ശിരസ്സില് ധാരാളമുണ്ട്. യോഗത്തിലൂടെ മാത്രമേ വികര്മ്മം നശിക്കൂ. അമ്മായിയുടെ വീട്ടിലേക്കു പോകുന്ന പോലെ അത്ര എളുപ്പമുള്ള കാര്യമൊന്നുമല്ല. ഇപ്പോള് കുറച്ച് കര്മ്മക്കണക്കുകള് ഉള്ളതുകൊണ്ടല്ലേ അനുഭവിക്കേണ്ടതായിവരുന്നത്. എത്ര പ്രയത്നിക്കണം. അഥവാ വൈകിയാണ് വരുന്നത് എങ്കില്എത്ര വികര്മ്മം നശിപ്പിക്കണം. ബുദ്ധിമുട്ടല്ലേ. നിങ്ങള് പെരുമ്പറ മുഴക്കൂ, എന്നാല് പിന്നീട് ആരും തന്നെ പരാതിപ്പെടില്ല. നിങ്ങള്ക്ക് പറയാന് കഴിയും, ഞങ്ങള് പെരുമ്പറ മുഴക്കി പത്രങ്ങളില് കൊടുത്തിട്ടുണ്ടായിരുന്നു. എത്ര കഴിയുന്നുവോ എല്ലാവര്ക്കും ക്ഷണം ലഭിക്കണം. പരിധിയില്ലാത്ത അച്ഛനില് നിന്നും പരിധിയില്ലാത്ത സമ്പത്ത് നേടാനുള്ള പുരുഷാര്ത്ഥം ചെയ്യണം. ക്ഷണക്കത്ത് വളരെ നന്നായി വിതരണം ചെയ്യൂ. ഏറ്റവും കൂടുതല് സേവനം ഡല്ഹിയില് നടക്കും. ഡല്ഹിയാണല്ലോ മുഴുവനും ഭാരതത്തിന്റെ സിംഹാസനം അവിടെ എല്ലാ പത്രങ്ങളുടെയും ഏജന്റുമാര് ഉണ്ടാവും. പത്രങ്ങളിലൂടെയും സന്ദേശം നല്കണം. ലൗകിക അച്ഛനില് നിന്നും ജന്മജന്മാന്തരങ്ങളായി സമ്പത്ത് എടുത്തു വന്നു ഇനി അലൗകിക പിതാവില് നിന്നും സമ്പത്ത് നേടൂ. എല്ലാ പത്രങ്ങളിലും കൊടുക്കൂ - ശിവബാബയുടെ ജന്മസ്ഥലമാണ് ഭാരതം. എല്ലാവരെയും ഉദ്ധരിക്കുന്നയാള് ഒരേയൊരു ബാബയാണ്. അപ്പോള് ഏറ്റവും വലിയ തീര്ത്ഥസ്ഥാനം പരമപിതാവായ പരമാത്മാവിന്റെ ജന്മസ്ഥലമല്ലേ. പക്ഷേ ഇത് ആര്ക്കും തന്നെ അറിയുന്നില്ല. ക്രിസ്തു, ഇബ്രാഹിം, ബുദ്ധന് ഇവരെല്ലാം തന്നെ പുനര്ജന്മങ്ങള് എടുത്തെടുത്ത് ഇപ്പോള് ഇത് അന്തിമ ജന്മമാണ്. ക്രിസ്ത്യാനികള് സ്വയം തന്നെ പറയുന്നു ക്രിസ്തു ഇവിടെത്തന്നെ ഏതെങ്കിലും ജന്മമെടുത്തിട്ടുണ്ടാവുമെന്ന്. ക്രിസ്ത്യാനികളും വൃക്ഷത്തെ അംഗീകരിക്കുന്നുണ്ട്. അല്ലെങ്കില് ഇത്രയും ആത്മാക്കള് എവിടെ നിന്നു വരാനാണ്. തീര്ച്ചയായും എവിടെ നിന്നാണോ വരുന്നത് അവിടെ സെക്ഷനുണ്ട്. ചരിത്രം തീര്ച്ചയായും ആവര്ത്തിക്കുക തന്നെ ചെയ്യും. ഈ വൃക്ഷം വളരെ നല്ല വസ്തുവാണ്, പക്ഷേ ഇതിന്റെ മൂല്യം

കുട്ടികള്ക്കുള്ളത് നമ്പര്വൈസാണ്.

കുട്ടികള് മറ്റുള്ളവര്ക്ക് മനസ്സിലാക്കി കൊടുക്കാനാണ് ചിത്രപ്രദര്ശനം വെക്കുന്നത്. ഇതില് മറ്റ് കലാപ്രദര്ശനമൊന്നും വേണ്ട. ആര്ട്ട് ഗാലറിയിലെല്ലാം വ്യര്ത്ഥമായ ചിത്രങ്ങളാണ് വെക്കുന്നത്. ഇതാണ് കലയെന്ന് മനസ്സിലാക്കുന്നു. ദേവതകളുടെ മെലിഞ്ഞ ഉദരത്തിന്റെ വിവിധ ചിത്രങ്ങള് ഉണ്ടാക്കുന്നു. അവിടെ ദേവകതകള്ക്ക് സ്വാഭാവികമായ ഭംഗിയാണ്. ഈ സമയം പഞ്ച തത്വങ്ങളും തമോപ്രധാനമാണ്. സത്യയുഗത്തില് പഞ്ച തത്വങ്ങളും സതോപ്രധാനമാണ്. വെളുത്ത കൃഷ്ണനും, കാര്മേഘ വര്ണ്ണത്തിലുള്ള കൃഷ്ണനെയും കാണിക്കുന്നുണ്ട്. അവിടെ ശരീരത്തിന് കേടുപാടുകള് ഉണ്ടാകുന്നില്ല. ഇവിടെ ശരീരത്തിനു തന്നെ എത്ര ചികിത്സയാണ് നടത്തുന്നത്. അവിടെ എത്ര വയസ്സായാലും പല്ലുകള്ക്ക് നല്ല ബലമാണ്. പല്ലുകള് പൊട്ടിക്കഴിഞ്ഞാല് അഭംഗിയാവുകയില്ലേ. അവിടെ ഫസ്റ്റ്ക്ലാസ്സ് 16 കലാ സമ്പൂര്ണ്ണമായിരിക്കും. മുടന്തര് ഉണ്ടാവുകയില്ല. ഇവിടെ എത്രപേരാണ് കൈയ്യും കാലും ഇല്ലാതെ ജന്മമെടുക്കുന്നത്. നിങ്ങള് അതുപോലെയുള്ള സ്വര്ഗ്ഗത്തിന്റെ അധികാരിയായിത്തീരുകയാണ്. ഒരേയൊരു വഴിയാത്രികന് വന്ന് സ്വര്ഗ്ഗത്തിലേക്ക് കൊണ്ടുപോവുകയാണ്. നിങ്ങള് വഴിയാത്രക്കാര് ഇവിടെ പാര്ട്ട് അഭിനയിച്ച് അഭിനയിച്ച് പതിതമായിത്തീര്ന്നു കഴിഞ്ഞു. ആത്മാവ് കറുത്തതായിത്തീര്ന്നു. ബാബ സദാ സുന്ദരനാണ് ബാബയില് ഒരിക്കലും കറ പുരളുകയില്ല. ഞാന് സത്യമായ സ്വര്ണ്ണമായതുകൊണ്ടാണ് എന്നെ വിളിക്കുന്നത്. സദാ പരിശുദ്ധമായതിനെത്തന്നെയാണ് വിളിക്കുന്നത് - ബാബാ വരു വന്ന് ഞങ്ങളെ തനിക്കു സമാനമാക്കിത്തീര്ക്കൂ. നിങ്ങള് ഒരിക്കലും സദാ പരിശുദ്ധമാവുകയില്ല. ബാക്കി എല്ലാവര്ക്കും സതോപ്രധാന അവസ്ഥയിലേക്ക് വരണം. പക്ഷേ അതിലും നമ്പര് വൈസാണ്. നാടകത്തില് ഭിന്ന ഭിന്ന അഭിനേതാക്കളാണല്ലോ. ചിലര് നായികാ-നായകന്മാരാണെങ്കില് അവര്ക്ക് പൈസയും ധാരാളം ലഭിക്കുന്നു. ഇപ്പോള് ഗവണ്മെന്റ് എല്ലാവരുടെയും പൈസ പിടിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇങ്ങനെ പറയാറുണ്ട് - ചിലരുടെത് മണ്ണിനടിയില് പോകും, ചിലരുടെത് രാജാക്കന്മാര് പിടിച്ചെടുക്കും, ആരാണോ ഭഗവാന്റെ നാമത്തില് നല്കിയത് അവരുടെത് മാത്രമേ സഫലമായിത്തീരൂ..... കാരണം ഉടമസ്ഥനായ ബാബ വന്നിരിക്കുകയാണ് സ്വര്ഗ്ഗത്തിന്റെ സ്ഥാപന നിര്വ്വഹിക്കാനായി. ആരാണോ ബാബയുടെ സഹയോഗികളായിരിക്കുന്നത് അവരുടെത് മാത്രമേ സുരക്ഷയോടെയിരിക്കൂ. നിങ്ങള്ക്ക് അവിടെ ധാരാളം സമ്പത്തുണ്ടാവും. എത്ര വജ്രങ്ങളും വൈഢൂര്യങ്ങളുമുണ്ടാവും! പക്ഷേ നമുക്ക് അതിനെക്കുറിച്ച് യാതൊരു ചിന്തയുമുണ്ടാവില്ല. അവിടെ ആരും തന്നെ കൊള്ളയടിക്കുകയില്ല. വജ്രങ്ങളുടെയും സ്വര്ണ്ണത്തിന്റെയും ഖനികള് എല്ലാം നിങ്ങള്ക്ക് പുതിയത് ലഭിക്കും. കല്ലുകളെപ്പോലെയായിരിക്കും വജ്രങ്ങളുണ്ടാവുക. എല്ലാം നിങ്ങള്ക്ക് ലഭിക്കേണ്ടതാണ്. എങ്ങനെയാണോ ഇഷ്ടികകളുടെ കൊട്ടാരം അതുപോലെ അവിടെ സ്വര്ണ്ണത്തിന്റെ കൊട്ടാരം ഉണ്ടാക്കും. ധനവാനായ പ്രജകളും സ്വര്ണ്ണകൊട്ടാരം ഉണ്ടാക്കും. പൂര്ണ്ണ ദാനികളായവരും സ്വര്ണ്ണത്തിന്റെ ഉണ്ടാക്കും. ബാബ എല്ലാം തന്നെ പറഞ്ഞു തരുന്നുണ്ട്. നിങ്ങള് വിശന്നു മരിക്കൂ എന്ന് പറയുന്നില്ല. കുട്ടികളെയെല്ലാം തന്നെ സംരക്ഷിക്കണം. രചയിതാവിന്റെ കര്ത്തവ്യമാണ് സംരക്ഷിക്കുക എന്നുള്ളത്, അവര്ക്ക് ദുഖം നല്കരുത്. അവരെ വിശപ്പിച്ച് കഷ്ടപ്പെടുത്തരുത്. ദയാമനസ്കരായിത്തീരണം. മനുഷ്യന് എത്ര തന്നെ ദു:ഖികളാണ്, അറിയാം ദുരന്തങ്ങള് വരുകയാണെങ്കില് വളരെയധികം പേര് ദു:ഖിയായിരിക്കും. അയ്യോ അയ്യോ എന്ന് നിലവിളിക്കും. പിന്നീട് ജയഘോഷമുണ്ടാവും. എല്ലാ ആത്മാക്കള്ക്കും സുഖം ലഭിക്കും. ബാബ ദുഖഹര്ത്താ സുഖകര്ത്താവാണ്. സുഖം രണ്ടു വിധത്തിലുണ്ട് - ഒന്ന് ശാന്തിധാമത്തിലിരിക്കുക, രണ്ട് സുഖധാമത്തിലിരിക്കുക. സുഖധാമത്തില് പവിത്രത, ശാന്തി, സുഖം എല്ലാമുണ്ട്. ബാബ പറയുന്നു ഞാന് കല്പകല്പം വരുന്നു. എപ്പോഴാണോ മനുഷ്യര് ദുഖികളായിത്തീരുന്നത് എന്റെ പാര്ട്ട് തന്നെ ആ സമയത്താണ്. അതുകൊണ്ടാണ് എന്റെ പേര് ദുഖഹര്ത്താവ് സുഖകര്ത്താവ്, ശാന്തിദാതാവ് സുഖദാതാവ്.

നിങ്ങള്ക്ക് അറിയാം നമ്മള് ബാബയോടൊപ്പം എല്ലാവര്ക്കും ശന്തിയുടെ ദാനം ചെയ്യുന്നു. എത്രത്തോളം ഓര്മ്മയിലിരിക്കുന്നുവോ അത്രത്തോളം എല്ലാവര്ക്കും ശാന്തിയുടെ ദാനം ചെയ്തുകൊണ്ടിരിക്കും. പിന്നീട് സുഖത്തോടെയിരിക്കുന്നതിനുവേണ്ടി ജ്ഞാനം നല്കുന്നു. അപ്പോള് കുട്ടികള്ക്ക് മാതാപിതാവിന്റെ ഷോ ചെയ്യണം. എത്രത്തോളം ബാബയെ പ്രത്യക്ഷപ്പെടുത്തുന്നുവോ മറ്റുള്ളവര്ക്ക് സുഖശാന്തിയുടെ മാര്ഗ്ഗം പറഞ്ഞുകൊടുക്കുന്നുവോ അത്രത്തോളം സമ്മാനം ലഭിക്കുന്നു. ബാബ നിങ്ങള്ക്ക് എത്രയാണ് പുതിയലോകത്തിലെ പുതിയ പുതിയ കാര്യങ്ങള് പറഞ്ഞുതരുന്നത്. പഴയലോകത്തിന്റെയും പുതിയലോകത്തിന്റെയും സാക്ഷാത്കാരം ചെയ്യിപ്പിക്കുന്നു.

ഇനിയും ധാരാളം നിങ്ങള്ക്ക് സാക്ഷാത്കാരം ചെയ്യിപ്പിക്കും, അതും ആരാണോ ബാബയുടെ സത്യമായ പക്കാ കുട്ടികള് അവര്ക്കുമാത്രം. സത്യമായ ഹൃദയത്തില് സാഹേബ് പ്രീതിപ്പെടും. നിങ്ങള് വളരെയധികം കാണും എങ്ങനെയാണോ ആരംഭത്തില് കണ്ടിരുന്നത് അതുപോലെ അന്തിമത്തിലും കാണിക്കും. എത്ര പ്രോഗ്രാമുകള് വന്നിരുന്നു, സാക്ഷാത്കാരം ചെയ്യിപ്പിച്ചിരുന്നു. എത്ര അലങ്കാരങ്ങളും കിരീടവുമാണ് അണിയിച്ചിരുന്നത്, ഇനിയും ഭിന്ന ഭിന്ന പ്രകാരത്തില് കാണിച്ചുതരാം. പൂച്ചക്ക് വിളയാട്ടം എലികള്ക്ക് പ്രാണവേദന. ഇതുപോലെത്തന്നെ പ്രാണവേദന തന്നെയായിരുന്നില്ലേ വിഭജന(പാര്ട്ടീഷന്റെ) സമയത്തും. നിങ്ങള്ക്ക് മറ്റൊരു ചിന്തയും ഉണ്ടായിരുന്നില്ല. നിങ്ങള് ജീവിച്ചിരിക്കെ മരിച്ചവരാണ്. ബാബ പറയുന്നു - കുട്ടികളേ, പൂര്ണ്ണമായും പ്രയത്നിക്കൂ, പുരുഷാര്ത്ഥം ചെയ്യൂ, ഞാന് ആത്മാവാണെന്ന്. പരസ്പരം ആത്മീയ കാര്യങ്ങള് ചെയ്തുകൊണ്ടിരിക്കൂ. ഭൗതികമായ ദേഹാഭിമാനത്തിന്റെ കാര്യങ്ങള് ഇല്ലാതാക്കണം. ആരാണോ ആശ്ചര്യപ്പെടുത്തി ഓടിപ്പോകുന്നത് അവര്ക്ക് ഈ കാര്യങ്ങളൊന്നും കാണില്ല. കഴിഞ്ഞുപോയതും നിങ്ങള് കണ്ടു ഇനി പുതിയതും നിങ്ങള് കാണും, അതിനാല് പുരുഷാര്ത്ഥം ചെയ്യണം. മധുരമധുരമായ കുട്ടികളെ ബാബ ധാരാളം സ്നേഹിക്കുന്നുണ്ട്. സ്നേഹികളായ കുട്ടികള്ക്ക് ധാരാളം സ്നേഹം ലഭിക്കുന്നു. ആരാണോ നല്ല രീതിയില് സേവനം ചെയ്യുന്നത് അവര്ക്ക് സ്നേഹവും ലഭിക്കുന്നു, പദവിയും ലഭിക്കുന്നു. ഇത് മറക്കരുത്, നമ്മള് ആത്മാക്കളെ നിരാകാരനായ പരമപിതാവായ പരമാത്മാവാണ് പഠിപ്പ് നല്കിക്കൊണ്ടിരിക്കുന്നത്, സ്വര്ഗ്ഗത്തിലെ അവകാശികളാക്കി മാറ്റുന്നത്. ദൈവീക ഗുണവാനായിത്തീരണം. മുമ്പ് എല്ലാവരിലും ആസുരീയ ഗുണമായിരുന്നു. ഇപ്പോള് ബാബ സന്മുഖത്തിരിക്കുകയാണ്, ആരില് നിന്നാണോ സമ്പത്ത് ലഭിക്കുന്നത്, അവരോടാണ് സ്നേഹമുണ്ടാവുക, അല്ലാതെ ദലാളിനോടല്ല. ദലാള് അര്ത്ഥം മദ്ധ്യസ്ഥനാണ്. നിങ്ങള് അവരുമായാണ് വ്യാപാരം ചെയ്യുന്നത്. അതുകൊണ്ട് ബാബയെ ഓര്മ്മിക്കൂ. ദേഹാഭിമാനത്തെ ഉപേക്ഷിക്കൂ. എന്റേത് ഒരേയൊരു ശിവബാബയാണ്, മറ്റൊരു ദേഹധാരിയെയും ഓര്മ്മ വരരുത്. ബാബ ഈ പഴയ ചെരുപ്പിലാണ് വന്നിരിക്കുന്നത്. ഞാന് ഇത് ലോണ് എടുത്തിരിക്കുകയാണ്. കല്പം മുമ്പും ഇതേ അക്ഷരം പറഞ്ഞിട്ടുണ്ടാവും. ഇന്നത്തെ അതേ ദിവസം നിങ്ങള്ക്ക് മനസ്സിലാക്കിത്തന്നിരുന്നു, ഇപ്പോള് വീണ്ടും മനസ്സിലാക്കിത്തരുകയാണ്. എത്ര നല്ല വിശാല ബുദ്ധി ആവശ്യമാണ്. ലക്ഷ്മി-നാരായണന് നമ്പറുവണ് ആയിത്തീര്ന്നില്ലേ. തീര്ച്ചയായും നല്ല പ്രാപ്തി ഉണ്ടാക്കിയിട്ടുണ്ടാവും. ഇത് ഗോഡ്ഫാദറിന്റെ മുക്തി സൈന്യമാണ്. മുഴുവന് ലോകത്തേക്കും മുക്തി-ജീവിതമുക്തിയുടെ വിമോചനം നല്കുന്നു. സര്വ്വരുടെയും സദ്ഗതിദാതാവ് രാമനാണ്. മുഴുവന് ലോകത്തിനും ഗതി ലഭിക്കണമല്ലോ. ശരി!

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ബാബയോടൊപ്പം മുഴുവന് വിശ്വത്തിനും ശാന്തിയുടെ ദാനം ചെയ്യണം. ബാബയ്ക്കു സമാനം ദുഃഖഹര്ത്താ സുഖകര്ത്താവായിത്തീരണം.

2. ഒരേയൊരു ബാബയോട് പൂര്ണ്ണ സ്നേഹം വെക്കണം. പരസ്പരം ദേഹാഭിമാനത്തിന്റെ കാര്യങ്ങള് സംസാരിക്കരുത്. ആത്മീയ കാര്യങ്ങള് തന്നെ സംസാരിക്കണം.

വരദാനം :- ധൈര്യത്തിന്റെ സങ്കല്പത്തിലൂടെ മായയെ ധൈര്യഹീനമാക്കുന്ന ധൈര്യശാലി ആത്മാവായി ഭവിക്കട്ടെ.

ഏതു കുട്ടികളാണോ ഒരു ബലം, ഒരു വിശ്വാസത്തില് കഴിയുന്നത്, ധൈര്യത്തിന്റെ സങ്കല്പം വെക്കുന്നത്- എനിക്ക് വിജയിയാകുക തന്നെ വേണം. എങ്കില് ധൈര്യശാലി കുട്ടിക്ക് ബാബയുടെ സഹായം എന്ന സദാ അനുഭവമുണ്ടാവും. ധൈര്യത്തിലൂടെ സഹായത്തിനു പാത്രമാകുന്നു. ധൈര്യത്തിന്റെ സങ്കല്പത്തിനു മുന്നില് മായ ധൈര്യഹീനമാകുന്നു. ആര് ദുര്ബല സങ്കല്പം ചെയ്യുന്നുവോ -അറിയില്ല നടക്കുമോ ഇല്ലയോ, എനിക്കു പറ്റുമോ ഇല്ലയോ, ഇങ്ങനെയുള്ള സങ്കല്പം തന്നെ മായയെ ആഹ്വാനം ചെയ്യുന്നു. അതിനാല് സദാ ഉണര്വുത്സാഹസമ്പന്നം ധൈര്യത്തിന്റെ സങ്കല്പം ചെയ്യൂ അപ്പോള് പറയും- ധൈര്യവാന് ആത്മാവ്.

സ്ലോഗന് :- വിനയചിത്തത്തിന്റെ സിംഹാസനത്തിലിരുന്ന് ഉത്തരവാദിത്തത്തിന്റെ കിരീടം ധരിക്കുക തന്നെയാണ് ശ്രേഷ്ഠത